കളിലും പ്രത്യേകിച്ച് നീണ്ടകര, വിഴിഞ്ഞം, കൊച്ചി എന്നിവിടങ്ങളിൽ പോലീസ് കൺട്രോൾ റൂമുകൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

18 (*108) ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യസമ്പത്ത്

ശ്രീ. ബി. വിജയകുമാർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സങ്കരയിനം മത്സ്യക്കുഞ്ഞുങ്ങളെ വൻതോതിൽ ഉൾനാടൻ ജലാശയങ്ങളിൽ വളർത്തുന്നതുമൂലം നാടൻ ഇനങ്ങൾ വംശനാശഭീഷണി നേരിടുകയാണെന്ന വസ്തുത ഗവൺമെന്റിനറിവുണ്ടോ;

(സി) ഈ ശോഷണം തടയുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നാടൻ ഇനം മത്സ്യക്കുഞ്ഞുങ്ങളെ വൻതോതിൽ നേഴ്സറികളിൽ ഉല്പാദിപ്പിച്ച് ഉൾനാടൻ ജലാശയങ്ങളിൽ തുറന്നുവിട്ട് വംശനാശം തടയാനുള്ള പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ നാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നാടൻമത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ കൃത്രിമ പ്രജനനംവഴി വൻതോതിൽ ഉൽപ്പാദിപ്പിച്ച് സാമൂഹ്യ മത്സ്യക്കൃഷി പദ്ധതി പ്രകാരം കായലുകളിലും മറ്റും നിക്ഷേപിക്കുന്ന ഒരു പദ്ധതി കഴിഞ്ഞ വർഷം ഫിഷറീസ് വകുപ്പും അഡാക്കും യോജിച്ച് നടപ്പാക്കിയിരുന്നു. ഇതനുസരിച്ച് നാടൻ മത്സ്യങ്ങളായ കരിമീൻ, വരാൽ, കാരി എന്നിവയുടെ കുഞ്ഞുങ്ങളെ വേമ്പനാട്ടുകായലിൽ നിക്ഷേപിക്കുകയുണ്ടായി.

19 (*109) മറ്റു സംസ്ഥാനങ്ങളിൽ ജോലിക്കുപോകുന്ന തൊഴിലാളികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എളമരം കരീം :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നമ്മുടെ സംസ്ഥാനത്തുനിന്നും മറ്റു സംസ്ഥാനങ്ങളിലേക്ക് കോൺട്രാക്ടർമാർ മുഖേന ജോലിക്കുപോകുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും അവകാശസംരക്ഷണത്തിനുമായി എന്തെങ്കിലും പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) രജിസ്ട്രേഷനും ലൈസൻസുമില്ലാത്ത കോൺട്രാക്ടർമാർ തൊഴിലാളികളെ മറ്റു സംസ്ഥാനങ്ങളിലേക്ക് ജോലിക്ക് കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഡി) തൊഴിലാളികളെ മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുമ്പോഴും തിരിച്ച് കൊണ്ടുവരുമ്പോഴും യാത്രാച്ചെലവുനൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് നിന്നുള്ള കുടിയേറ്റ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് പരാതികൾ ഉണ്ടാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(എഫ്) കുടിയേറ്റ തൊഴിലാളികളുടെ അവകാശ സംരക്ഷണം, അവർക്കുള്ള നിയമപരിരക്ഷ എന്നിവ സംബന്ധിച്ചു ബോധവത്കരണപരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടത്താൻ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) മറ്റു സംസ്ഥാനങ്ങളിലേക്ക് കോൺട്രാക്ടർ മുഖേന ജോലിക്ക് പോകുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും അവകാശസംരക്ഷണത്തിനുമുള്ള വ്യവസ്ഥകൾ 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവ്വീസ്) ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിയേറ്റത്തൊഴിലാളികളുടെ അവകാശ സംരക്ഷണം, അവർക്കുള്ള നിയമപരിരക്ഷ എന്നിവ സംബന്ധിച്ച് ബോധവൽക്കരണ പരിപാടി ഗവൺമെന്റ് നടപ്പിലാക്കിവരുന്നു.

(ബി) കുടിയേറ്റ തൊഴിലാളികൾക്കായുള്ള ബോധവൽക്കരണ പരിപാടി ഒരു തുടക്കമെന്ന നിലയിൽ കൂടുതൽ കുടിയേറ്റ തൊഴിലാളികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ആലപ്പുഴ, എറണാകുളം, കൊല്ലം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിൽ സംഘടിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ ആലപ്പുഴ, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ പ്രസ്തുത പരിപാടി ഇതിനകംതന്നെ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ സംസ്ഥാനതല ഉത്ഘാടനം 13.6.99 ന് കായംകുളത്ത് നടന്നു. മറ്റു ജില്ലകളിലെ പരിപാടി ഉടൻ സംഘടിപ്പിക്കുന്നതാണ്.

(സി) ഉണ്ട്. അനധികൃത കോൺട്രാക്ടർമാരുടെ പ്രവർത്തനം തടയുന്നതിനായി സംസ്ഥാന ലേബർ കമ്മിഷണർ മുതൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർമാർവരെയുള്ള തൊഴിൽവകുപ്പ് ഉദ്യോഗസ്ഥന്മാരെ 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ നിയമപ്രകാരം ഇൻസ്പെക്ടർമാരായി നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർ അന്യസംസ്ഥാനങ്ങളി

LIBRARY ARCHIVES Kerala Legislative Assembly

ലേക്കുള്ള തൊഴിലാളികളുടെ അനധികൃത റിക്രൂട്ട്മെന്റ് തടയാനുള്ള നിയമന ടപടികൾ സ്വീകരിച്ചുവരുന്നു. മാത്രമല്ല അന്യസംസ്ഥാനങ്ങളിൽ കേരള ത്തിൽനിന്നുള്ള തൊഴിലാളികൾ ചൂഷണത്തിനുവിധേയരാകുന്നതായി പരാതി ലഭിക്കുന്ന അവസരങ്ങളിലെല്ലാം, മറ്റു സംസ്ഥാനങ്ങളിലെ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് പരാതിക്ക് പരിഹാരമുണ്ടാക്കാനുള്ള നടപടി കൾ സ്വീകരിച്ചുവരുന്നുണ്ട്. 1999-ജനുവരി മാസത്തിൽ ലേബർ കമ്മിഷണ റുടെ നേതൃത്വത്തിൽ ഒരു മൂന്നംഗ ഉദ്യോഗസ്ഥസംഘം ഗവൺമെന്റ് നിയോ ഗിച്ചപ്രകാരം ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ മത്സ്യ സംസ്ക്കരണഫാക്ടറികൾ സന്ദർശിച്ച് തൊഴിലാളികളുടെ പ്രശ്നങ്ങൾ നേരിട്ട് വിലയിരുത്തുകയും അതാത് സംസ്ഥാന തൊഴിൽ വകുപ്പ് ഉദ്യോഗ സ്ഥന്മാരുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ അവകാശ സംരക്ഷണം ഉറപ്പാ ക്കാനുള്ള നടപടികൾ കൈക്കൊള്ളുകയുമുണ്ടായി. പ്രസ്തുത പഠനസംഘ ത്തിന്റെ റിപ്പോർട്ടിലെ ശുപാർശകൾ ഗവൺമെന്റ് സജീവമായി പരിഗണിച്ചുവ രുന്നു.

(ഡി) തൊഴിൽവകുപ്പിൽനിന്നും അംഗീകൃത ലൈസൻസ് നേടിയി ട്ടുള്ള കോൺട്രാക്ടർമാർ മുഖേന തൊഴിലാളികളെ റിക്രൂട്ട്ചെയ്തുകൊണ്ടു പോകുന്ന അവസരങ്ങളിൽ 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് നിയമത്തിൽ അനുശാസിക്കുന്നപ്രകാരം തൊഴിലാളികൾക്ക് ഡിസ്പ്ളേസ്മെന്റ് അല വൻസും, യാത്രാച്ചെലവുകളും ലഭിച്ചു എന്നുറപ്പാക്കാനുള്ള നടപടികൾ ലൈസൻസിംഗ് ഓഫീസർമാരും, ഇൻസ്പെക്ടർമാരും കൈക്കൊണ്ടുവരു ന്നുണ്ട്.

(ഇ) ഉണ്ട്. ഇതുസംബന്ധിച്ച് പരാതി ലഭിക്കുന്ന അവസരങ്ങളിൽ സംസ്ഥാന ലേബർ കമ്മിഷണർ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിനുള്ള നടപടി കൾ സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) ബോധവൽക്കരണപരിപാടി ഒരു തുടക്കം എന്ന നിലയിൽ കൂടുതൽ തൊഴിലാളികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ആലപ്പുഴ, എറണാകുളം, കൊല്ലം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിൽ സംഘടിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആവശ്യമെന്ന് കണ്ടാൽ മറ്റ് ജില്ലകളിലും വരുംവർഷങ്ങളിൽ പ്രസ്തുത പരിപാടി സംഘടിപ്പി ക്കുന്നതാണ്.

20 (*110) നവീന ജലസേചന സംവിധാനം

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :-

(എ) ഇന്നത്തെ ജലസേചന രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കു ന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly